(സി) കരാർ ഉറപ്പിച്ചു കഴിഞ്ഞ നിർമ്മാണ പദ്ധതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) പട്ടം-മുറിഞ്ഞപാലം സ്വിവേജ് ലൈൻ നിർമ്മാണം നിശ്ചിത തീയതി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രധാന റോഡുകൾ അടച്ചിട്ടതിനുശേഷം നടത്തുന്ന നിർമ്മാണ ജോലികൾ സമയ പരിധിയ്ക്കുള്ളിൽ പൂർത്തിയാക്കാൻ വേണ്ട നടപടിക്രമങ്ങൾ പരിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) കടകംപള്ളി, ഉള്ളൂർ, കുടപ്പനക്കുന്ന്, ചെറുവയ്ക്കൽ എന്നീ പ്രദേശങ്ങൾ തിരുവനന്തപുരം നഗരസഭയോട് പുതുതായി കൂട്ടിച്ചേർക്കപ്പെട്ടവയാണ്. ഈ പ്രദേശങ്ങളിലേയ്ക്ക് സ്വിവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന് വിശദമായ പഠനം നടത്തി. റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. വട്ടിയൂർക്കാവ്, തിരുമല വില്ലേജുകളിൽ നഗരത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ സ്വീവറേജ് പണികൾ ആരംഭിച്ചുകഴിഞ്ഞു. മെയിൻ സ്വീവറേജ് ലൈനുകൾക്കുള്ള ലാൻഡ് അക്വിസിഷൻ പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥല ലഭ്യതയും സാമ്പത്തിക ലഭ്യതയും അനുസരിച്ച് പണികൾ പൂർത്തീകരിക്കാവുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നും ടാർകട്ട് അനുമതി ലഭിക്കാനുള്ള കാലതാമസമായിരുന്നു പ്രധാന കാരണം. ഇപ്പോൾ ടാർകട്ട് അനുമതി ലഭിക്കുകയും അടിയന്തിരമായി പണികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഈ മാസാവസാനത്തോടുകൂടി പമ്പ് ഹൗസുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കണക്ഷൻ ലഭിച്ചതിനുശേഷം ഒരു മാസത്തിനകം കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കരാർ ഉറപ്പിച്ചവയിൽ രണ്ട് പണികൾ ഒഴികെ ബാക്കിയുള്ള പണികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം സ്വീവേജ് സ്കീം 'ഇ' ബ്ലോക്കിൽപ്പെട്ട 300 മില്ലി മീറ്റർ സ്വിവർ ലൈൻ ഇടുന്ന പണിയും 250 മില്ലി മീറ്റർ സ്വിവർ ലൈൻ ഇടുന്ന പണിയും സ്ഥലവാസികളുടെ രേഖാമൂലം നൽകിയിട്ടുള്ള എതിർപ്പുമൂലം തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇത്തരം ജോലികൾ സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

ആർട്ട് ഹെറിട്ടേജ് കമ്മിഷന്റെ പ്രവർത്തനം

105 (997) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി ഏറ്റെടുത്തിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ പാണ്ഡവൻപാറയും മടവൂർപ്പാറ

LIBRARY ARCHIVES Kerala Legislative Assembly

ഗുഹാക്ഷേത്രവും ഏതേത് കാലഘട്ടങ്ങളിലാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ഏറ്റെടുക്കുമ്പോൾ ഓരോന്നും ഉൾക്കൊള്ളുന്ന പ്രദേശം എത്ര ഹെക്ടർ സ്ഥലം വീതമാണ് ഉണ്ടായിരുന്നതെന്നും വെളിപ്പെടുത്താമോ ;

(ബി) ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന അത്രയും സ്ഥലം ഇപ്പോഴും ഈ രണ്ടു സംരക്ഷിത സ്മാരകങ്ങളിലുമുണ്ടോ എന്നും ഇല്ലെങ്കിൽ എന്തു ന്യൂനതയാണ് സംഭവിച്ചതെന്നും അതു പരിഹരിക്കാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) സംരക്ഷിത സ്മാരകങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ തടയാനും കയ്യേറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാനും പര്യാപ്തമായ നിയമം ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ അത്തരം നിയമനിർമ്മാണത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ ;

(ഡി) സംസ്ഥാനത്ത് രൂപീകൃതമായ ആർട്ട് ഹെറിട്ടേജ് കമ്മീഷൻ ഏതെല്ലാം പുരാവസ്തു സ്മാരകങ്ങൾ ഹെറിട്ടേജ് സോണുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പുതുതായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഏതെങ്കിലും ഹെറിട്ടേജ് മേഖലകൾ സർക്കാർ പരിഗണനയിൽ ഇപ്പോഴുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്ന് പറയുമോ ?

ഉത്തരം

(എ) പാണ്ഡവൻപാറ 1987-ലും മടവൂർപ്പാറ 1974- ലും ആണ് പുരാവസ്തു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചത്. പ്രഖ്യാപനത്തിൽ പാണ്ഡവൻപാറ ഉൾക്കൊള്ളുന്ന പ്രദേശം 1.2590 ഹെക്ടർ സ്ഥലമെന്നും മടവൂർപ്പാറ 6.43 ഹെക്ടർ സ്ഥലമെന്നും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) മടവൂർപ്പാറ ക്ഷേത്രത്തോടനുബന്ധിച്ച് ഉള്ള സ്ഥലം അളന്നുതിരിച്ച് പുരാവസ്തു വകുപ്പിന് നൽകുന്നതിനും പാണ്ഡവൻപാറ നിൽക്കുന്ന സ്ഥലത്തിന്റെ അളവു വിവരം സംബന്ധിച്ചും റവന്യൂവകുപ്പു നടപടി സ്വീകരിച്ചു വരുന്നു. പാണ്ഡവൻപാറ നിൽക്കുന്ന സ്ഥലം മുള്ളുവേലികെട്ടി സംരക്ഷിച്ചിട്ടുണ്ട്.

(സി) സംരക്ഷിത സ്മാരകങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ തടയാനും കയ്യേറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാനും 1968-ലെ പുരാവസ്തു സംരക്ഷണ നിയമപ്രകാരം വ്യവസ്ഥയായിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് രൂപീകൃതമായ ആർട്ട് ഹെറിട്ടേജ് കമ്മീഷൻ, തിരുവനന്തപുരം ജില്ലയിലെ കോട്ടയ്ക്കകവും എറണാകുളം ജില്ലയിലെ മട്ടാഞ്ചേരിയും ഹെറിട്ടേജ് സോണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) പുതുതായി ഹെറിട്ടേജ് മേഖലകൾ പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly